# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.4962. 24.07.2015-ൽ മറുപടിക്ക്**

**വൈക്കം വെള്ളൂർ ജലവിതരണ പ്ലാന്റ്**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.അജിത്** | ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| എ) വൈക്കം നിയോജകമണ്ഡലത്തിലെ വെള്ളൂർ ഗ്രാമപഞ്ചായത്തിൽ സ്ഥാപിച്ചിരിക്കുന്ന ജലവിതരണ പ്ലാന്റിൽ നിന്നും ഏതൊക്കെ പദ്ധതികളിലൂടെ ഏതൊക്കെ പഞ്ചായത്ത്, മുൻസിപ്പൽ പ്രദേശങ്ങളിലേക്കാണ് ജലവിതരണം നടത്തുന്നതെന്നും ഓരോ പദ്ധതികളിലും ഉൾ പ്പെടുന്ന പ്രദേശങ്ങളിലേക്ക് എത്ര അളവ് ജലമാണ് വിതരണം ചെയ്യേണ്ടതെന്നും കഴിഞ്ഞ രണ്ടു മാസത്തിനുള്ളിൽ അനുവദിക്കപ്പെട്ട അളവുകളിൽ ജലവിതരണം നടത്താൻ കഴിഞ്ഞിട്ടുണ്ടോ എന്നും വെളിപ്പെടുത്താമോ ; | (എ) 1. വെളിയന്നൂരിനും സമീപ ഗ്രാമപഞ്ചായത്തുകൾക്കും വേണ്ടിയുള്ള ത്വരിത ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതി പ്രകാരം വെള്ളൂർ, മുളക്കുളം, ഞീഴൂർ, ഉഴവൂർ, വെളിയന്നൂർ, കടുത്തുരുത്തി, കല്ലറ പഞ്ചായത്തു കളിലേയ്ക്ക് ജലവിതരണം നടത്തുന്നു.<br>2. വൈക്കം നഗര ശുദ്ധജല വിതരണ പദ്ധതി പ്രകാരം വൈക്കം മുൻസിപ്പാലിറ്റിക്ക് ജലവിതരണം നടത്തുന്നു.<br>3. തലയാഴത്തിനും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള ത്വരിത ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി പ്രകാരം തലയോലപറമ്പ്, മറവൻതുരുത്ത്, ചെമ്പ്, തലയാഴം, വെച്ചൂർ ഉദയനപുരം പഞ്ചായത്തു കൾക്കുമാണ് ജലവിതരണം നടത്തുന്നത്. |

. വൈക്കം നഗര ശുദ്ധജല വിതരണ പദ്ധതി, തലയാഴം ത്വരിത ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി എന്നീ പദ്ധതികളിലേക്ക് സാധാരണ ശരാശരി 18 എം.എൽ.ഡി. വെള്ളം വിതരണം ചെയ്യുന്നുണ്ടെങ്കിലും വൈദ്യുതി തകരാറു കാരണം മെയ് മാസത്തിൽ 14 എം.എൽ.ഡി. വെള്ളവും വെളിയന്നൂരിനും സമീപ വില്ലേജുകൾക്കും വേണ്ടിയുള്ള ത്വരിത ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി പ്രകാരം മെയ് മാസത്തിൽ 9 എം.എൽ.ഡി വെള്ളവും ജൂൺ മാസത്തിൽ 4.6 എം.എൽ.ഡി.വെള്ളവും വിതരണം ചെയ്തിട്ടുണ്ട്. ജൂൺ മാസത്തിൽ വൈദ്യുതി തകരാർ മൂലം വിതരണം ചെയ്യേണ്ട വെള്ളത്തിന്റെ അളവിൽ കുറവ് വന്നിട്ടുണ്ട്.

നിശ്ചിത സ്കീമുകൾക്ക് ഫ്ലോ മെഷർ മെന്റ് സംവിധാനം ഏർപ്പെടുത്തിയിട്ടില്ലാത്തതിനാൽ ഓരോ പദ്ധതി പ്രകാരമുള്ള ജലവിതരണത്തിന്റെ അളവ് ലഭ്യമല്ല.

| | | | |
|---|---|---|---|
| ബി) | പ്രസ്തുത പ്ലാന്റിൽ ഏതൊക്കെ തസ്തികയിൽ എത്ര ജീവനക്കാരാണ് ജോലി ചെയ്യുന്നതെന്നും ഇതിൽ എത്ര താല്ക്കാലിക ജീവനക്കാർ ഉൾ പ്പെട്ടിട്ടുണ്ടെന്നും അവർ ആരൊക്കെയെന്നും അറിയിക്കുമോ ; | ബി) | ഓരോ ഷിഫ്റ്റിലും മൂന്ന് ഓപ്പറേറ്റർ, രണ്ട് ഷിഫ്റ്റ് അസിസ്റ്റന്റ്, ഒരു വാച്ചർ എന്നിവർ ജോലി ചെയ്തു വരുന്നു. ഇപ്രകാരം ദിവസം 3 ഷിഫ്റ്റ് പ്രവർത്തിക്കുന്നുണ്ട്.എല്ലാ ജീവനക്കാരും കരാർ പ്രകാരം ആയതുകൊണ്ട് പേരു വിവരം കേരള വാട്ടർ അതോറിറ്റിയിൽ ലഭ്യമല്ല. |

സി) പ്രസ്തുത പ്ലാന്റിൽ നിന്നും വിവിധ ടാങ്കുകളിലേക്ക് വെള്ളം എത്തിക്കുന്നതിന് എത്ര മോട്ടോറുകളാണ് പ്രവർത്തിപ്പിക്കുന്നതെന്നും ഇത് ഏതൊക്കെ പ്രദേശങ്ങളിലേക്ക് വെള്ളം പമ്പ് ചെയ്യുന്നതിന് ഉപയോഗിക്കുന്നതാണെന്നും പമ്പിംഗ് മുടങ്ങാതിരിക്കുവാൻ പകരം മോട്ടോറുകൾ ഉറപ്പുവരുത്തിയിട്ടുണ്ടോ എന്നും ഈ മോട്ടോറുകൾ എല്ലാം പ്രവർത്തനക്ഷമമാണോ എന്നും വ്യക്തമാക്കുമോ ?

സി) വെള്ളൂർ ഗ്രാമപഞ്ചായത്തിൽ സ്ഥാപിച്ചിരിക്കുന്ന ജലവിതരണ പ്ലാന്റിൽ നിന്നും, ഡി.ബി. കോളേജ് കോമ്പൗണ്ട് ടാങ്ക്, ജാതിക്കാമല ടാങ്ക്, പെരുവ-മറ്റപള്ളിക്കുന്ന് ടാങ്ക് എന്നിവിടങ്ങളിലേക്ക് വെള്ളമെത്തിക്കുന്നതിനായി മൂന്ന് മോട്ടോറുകൾ പ്രവർത്തിക്കുന്നു.
ഡി.ബി. കോളേജ് കോമ്പൗണ്ട് ടാങ്കിൽ നിന്നും വൈക്കം അസംബ്ലി മണ്ഡലത്തിലേക്കും, ജാതിക്കാമല ടാങ്കിൽ നിന്നും വെള്ളൂർ മുളക്കുളം. ഞീഴൂർ, കടുത്തുരുത്തി, കല്ലറ എന്നീ പഞ്ചായത്ത് പ്രദേശങ്ങളിലേക്ക് ഭാഗികമായും പെരുവമറ്റം പ്പള്ളിക്കുന്ന് ടാങ്കിൽ നിന്നും ഉഴവൂർ, വെളിയന്നൂർ പഞ്ചായത്ത് പ്രദേശങ്ങളിലേക്കും വെള്ളമെത്തിക്കുന്നു.
എല്ലാ ടാങ്ക്കളിലേക്കും പമ്പ് ചെയ്യുന്നതിനും പമ്പിംഗ് മുടങ്ങാതിരിക്കുന്നതിനുമായി സ്റ്റാന്റ് ബൈ പമ്പ് സെറ്റുകൾ നിലവിലുണ്ട്. മൂന്ന് ടാങ്കുകളി - ലേയ്ക്കുമുള്ള പമ്പ് സെറ്റുകളുടെ ഓരോ സ്റ്റാർട്ടറുകൾ റിപ്പയറിം ഗിലാണ്.

സെക്ഷൻ ഓഫീസർ